Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**30th September 2021**

## തദ്ദേശ ഉപതിരഞ്ഞെടുപ്പ് : അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

തദ്ദേശ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി 12 ജില്ലകളിലെ 32 വാർഡുകളിലെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. www.lsgelection.kerala.gov.in വെബ് സൈറ്റിലും ബന്ധപ്പെട്ട പഞ്ചായത്ത്, നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും അന്തിമ വോട്ടർപട്ടിക ലഭിക്കും. കരട് വോട്ടർപട്ടിക സെപ്റ്റംബർ 6 ന് പ്രസിദ്ധീകരിച്ചിരുന്നു. 20 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കുവാനും അവസരം നൽകിയിരുന്നു.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശ്ശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ വാർഡുകളിലും തിരുവനന്തപുരം-വിതുര–പൊന്നാംചുണ്ട്, കൊല്ലം-ചിതറ-സത്യമംഗലം, കൊല്ലം- തേവലക്കര- നടുവിലക്കര, കോട്ടയം-കാണക്കാരി-കളരിപ്പടി, കോട്ടയം-മാഞ്ഞൂർ-മാഞ്ഞൂർ സെൻട്രൽ , ഇടുക്കി-രാജക്കാട്-കുരിശുംപടി, ഇടുക്കി-ഇടമലക്കുടി-വടക്കേഇടലി പാറക്കുടി, തൃശ്ശൂർ-കടപ്പുറം-ലൈറ്റ് ഹൗസ്, പാലക്കാട്-തരൂർ-തോട്ടുവിള, പാലക്കാട്-എരുത്തേമ്പതി-മൂങ്കിൽമട, പാലക്കാട്-എരുമയൂർ-അരിയക്കോട്, പാലക്കാട്-ഓങ്ങല്ലൂർ-കർക്കിടകച്ചാൽ, മലപ്പുറം-പൂക്കോട്ടൂർ-ചീനിക്കൽ, മലപ്പുറം-കാലടി-ചാലപ്പുറം, മലപ്പുറം-തിരുവാലി-കണ്ടമംഗലം, മലപ്പുറം-ഊർങ്ങാട്ടിരി-വേഴക്കോട്, മലപ്പുറം-മക്കരപ്പറമ്പ്-കാച്ചിനിക്കാട്, കോഴിക്കോട്-കൂടരഞ്ഞി-കൂമ്പാറ,കോഴിക്കോട്-ഉണ്ണിക്കുളം-വള്ളിയോത്ത്,കണ്ണൂർ-എരുവേശി-കൊക്കമുള്ള് എന്നീ ഗ്രാമ പഞ്ചായത്തു വാർഡുകളിലും എറണാകുളം-പിറവം-ഇടപ്പിള്ളിച്ചിറ, തൃശ്ശൂർ-ഇരിങ്ങാലക്കുട-ചാലാംപാടം,കാസർഗോഡ്-കാഞ്ഞങ്ങാട്-ഒഴിഞ്ഞവളപ്പ് എന്നീമുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പ്രസിദ്ധീകരിച്ചത്.

*(എസ്.ഇ.സി.22/2021)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **വാർത്താക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **17th September 2021** |

## തദ്ദേശ തിരഞ്ഞെടുപ്പ്: ഡിജിറ്റൽവൽക്കരണത്തിന് ധാരണാപത്രമായി

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ വിവരസങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ സുതാര്യവും ലളിതവുമാക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും കേരള ഡിജിറ്റൽ സർവകലാശാലയും സാങ്കേതിക കരാറിനുള്ള ധാരണാപത്രം ഒപ്പിട്ടു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ സാന്നിധ്യത്തിൽ കമ്മിഷൻ സെക്രട്ടറി എ. സന്തോഷും കേരളാ ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടു കൈമാറിയത്.

വോട്ടർപട്ടിക തയ്യാറാക്കൽ, പോളിങ് ഉദ്യോഗസ്ഥരുടെ വിന്യാസം, പോളിങ് സാമഗ്രികളുടെ ശേഖരണവും വിതരണവും, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം, തെരഞ്ഞെടുപ്പ് വിവരങ്ങളുടെ അപഗ്രഥനം തുടങ്ങിയവയ്ക്കായി വിവരസാങ്കേതികവിദ്യാ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തും.

ഗ്രാമസഭ/വാർഡ്സഭ മുതൽ തദ്ദേശസ്ഥാപന പ്രവർത്തനങ്ങൾക്കായി ഭരണഘടനാനുസൃതം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ, വോട്ടവകാശം നേടുകയും വിനിയോഗിക്കുകയും ചെയ്യേണ്ട വോട്ടർമാർ, തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാകുന്ന ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും കടമകളും നിലവിലുള്ള ഭരണഘടനാ നിയമ വ്യവസ്ഥകൾ പ്രകാരം കാര്യക്ഷമമായി നടപ്പാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകും. 18 വയസ് കഴിഞ്ഞ മുഴുവൻ യോഗ്യരായ വോട്ടർമാരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും തിരഞ്ഞെടുപ്പുകളിൽ പരമാവധി പോളിംഗ് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളുമുണ്ടാകും. തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ ഓൺലൈനായി നടത്തുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കും.

തിരഞ്ഞെടുപ്പു നടപടിക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തേ പൊതുജനാഭിപ്രായം തേടിയിരുന്നു. കമ്മീഷന് ലഭിച്ച നിരവധി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് സാങ്കേതികവിദ്യാസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള ശ്രമം കമ്മീഷൻ നടത്തുന്നത്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്തു നടന്ന ചടങ്ങിൽ ലോ ഓഫീസർ വി. ഷാജിമോൻ, ജോയിന്റ് സെക്രട്ടറി അജി ഫിലിപ്പ്, കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി കെ.വി മുരളീധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. മോഹൻദാസ്, സീനിയർ ഫിനാൻസ് മാനേജർ യമുന വി, ഡെപ്യൂട്ടി സെക്രട്ടറി സുരേഷ് കുമാർ എ, പബ്ലിക് റിലേഷൻസ് ഓഫീസർ ഡോ.സി. വേണുഗോപാൽ, ഡിജിറ്റൽ സർവകലാശാല (റിസർച്ച് & ഡെവലപ്പ്മെന്റ്) ഡീൻ ഡോ. അഷറഫ് എസ്, കേരള ബ്ലോക്ക് ചെയിൻ അക്കാദമി കൺവീനർ ആദർശ് എസ് തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാന്റെ സാന്നിധ്യത്തിൽ കമ്മിഷൻ സെക്രട്ടറി എ. സന്തോഷും ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥും തമ്മിൽ ധാരണാപത്രം കൈമാറുന്നു.

*(എസ്.ഇ.സി.21/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**15th September 2021**

## ഉപതിരഞ്ഞെടുപ്പ്- വോട്ടർ പട്ടികയിൽ 20 വരെ പേര് ചേർക്കാം

തദ്ദേശ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി 12 ജില്ലകളിലെ 32 വാർഡുകളിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനും സെപ്റ്റംബർ 20 വരെ അവസരം. കരട് വോട്ടർപട്ടിക www.lsgelection.kerala.gov.in വെബ് സൈറ്റിലും ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭ,താലൂക്ക്,വില്ലേജ് ഓഫീസുകളിലും സെപ്റ്റംബർ 6 ന് പ്രസിദ്ധീകരിച്ചിരുന്നു. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടികയിൻമേൽ തുടർ നടപടി സ്വീകരിച്ച് സെപ്റ്റംബർ 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. 2021 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ്സ് തികഞ്ഞവർക്കാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്. എല്ലാ വോട്ടർമാരും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അഭ്യർത്ഥിച്ചു.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശ്ശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ വാർഡുകളിലും തിരുവനന്തപുരം-വിതുര–പൊന്നാംചുണ്ട്, കൊല്ലം-ചിതറ-സത്യമംഗലം, കൊല്ലം- തേവലക്കര- നടുവിലക്കര, കോട്ടയം-കാണക്കാരി-കളരിപ്പടി, കോട്ടയം-മാഞ്ഞൂർ-മാഞ്ഞൂർ സെൻട്രൽ , ഇടുക്കി-രാജക്കാട്-കുരിശുംപടി, ഇടുക്കി-ഇടമലക്കുടി-വടക്കേഇടലി പാറക്കുടി, തൃശ്ശൂർ- കടപ്പുറം-ലൈറ്റ് ഹൗസ്, പാലക്കാട്-തരൂർ-തോട്ടുവിള, പാലക്കാട്-എരുത്തേമ്പതി-മൂങ്കിൽമട, പാലക്കാട്-എരുമയൂർ-അരിയക്കോട്, പാലക്കാട്-ഓങ്ങല്ലൂർ-കർക്കിടകച്ചാൽ, മലപ്പുറം-പൂക്കോട്ടൂർ-ചീനിക്കൽ, മലപ്പുറം-കാലടി-ചാലപ്പുറം, മലപ്പുറം-തിരുവാലി-കണ്ടമംഗലം, മലപ്പുറം-ഊർങ്ങാട്ടിരി-വേഴക്കോട്, മലപ്പുറം-മക്കരപ്പറമ്പ്-കാച്ചിനിക്കാട്, കോഴിക്കോട്-കൂടരഞ്ഞി-കൂമ്പാറ, കോഴിക്കോട്-ഉണ്ണിക്കുളം-വള്ളിയോത്ത്,കണ്ണൂർ-എരുവേശി-കൊക്കമുള്ള് എന്നീ ഗ്രാമ പഞ്ചായ ത്ത വാർഡുകളിലും എറണാകുളം–പിറവം-ഇടപ്പിള്ളിച്ചിറ, തൃശ്ശൂർ-ഇരിങ്ങാലക്കുട-ചാലാംപാടം, കാസർഗോഡ്-കാഞ്ഞങ്ങാട്-ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പുതുക്കുന്നത്.

*(എസ്.ഇ.സി.20/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**06th September 2021**

## തദ്ദേശ ഉപതിരഞ്ഞെടുപ്പ്-
## 32 തദ്ദേശ വാർഡുകളുടെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിലെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. കരട് വോട്ടർപട്ടിക www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിലും ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും ലഭിക്കും. ഇന്ന് (06.09.2021) മുതൽ സെപ്റ്റംബർ 20 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം. കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും 20 വരെ സമർപ്പിക്കാം. സെപ്റ്റംബർ 30 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശ്ശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ വാർഡുകളിലും വോട്ടർ പട്ടിക പുതുക്കുന്നു.

വോട്ടർ പട്ടിക പുതുക്കുന്ന ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ (ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ)

തിരുവനന്തപുരം-വിതുര–പൊന്നാംചുണ്ട്, കൊല്ലം-ചിതറ-സത്യമംഗലം, കൊല്ലം- തേവലക്കര-നടുവിലക്കര, കോട്ടയം-കാണക്കാരി-കളരിപ്പടി, കോട്ടയം-മാഞ്ഞൂർ-മാഞ്ഞൂർ സെൻട്രൽ , ഇടുക്കി-രാജക്കാട്-കുരിശുംപടി, ഇടുക്കി-ഇടമലക്കുടി-വടക്കേഇടലി പാറക്കുടി, തൃശ്ശൂർ- കടപ്പുറം-ലൈറ്റ് ഹൗസ്, പാലക്കാട്-തരൂർ-തോട്ടുവിള, പാലക്കാട്-എരുത്തേമ്പതി-മൂങ്കിൽമട, പാലക്കാട്-എരുമയൂർ-അരിയക്കോട്, പാലക്കാട്-ഓങ്ങല്ലൂർ-കർക്കിടകച്ചാൽ, മലപ്പുറം-പൂക്കോട്ടൂർ-ചീനിക്കൽ, മലപ്പുറം-കാലടി-ചാലപ്പുറം, മലപ്പുറം-തിരുവാലി-കണ്ടമംഗലം, മലപ്പുറം-ഊർങ്ങാട്ടിരി-വേഴക്കോട്, മലപ്പുറം-മക്കരപ്പറമ്പ്-കാച്ചിനിക്കാട്, കോഴിക്കോട്-കൂടരഞ്ഞി-കുമ്പാറ, കോഴിക്കോട്-ഉണ്ണിക്കുളം-വള്ളിയോത്ത്, കണ്ണൂർ-എരുവേശി-കൊക്കമുള്ള് എന്നീ ഗ്രാമപഞ്ചായത്ത് വാർഡുകളിലും എറണാകുളം–പിറവം-ഇടപ്പിള്ളിച്ചിറ, തൃശ്ശൂർ-ഇരിങ്ങാലക്കുട-ചാലാംപാടം, കാസർഗോഡ്-കാഞ്ഞങ്ങാട്-ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലും ഉപതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പുതുക്കുന്നു.

*(എസ്.ഇ.സി.19/2021)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

02nd September 2021

**തദ്ദേശ ഉപതിരഞ്ഞെടുപ്പ്-**
**32 തദ്ദേശ വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കുന്നു**

സംസ്ഥാനത്തെ 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ നിർദ്ദേശം നൽകി. കരട് വോട്ടർപട്ടിക സെപ്റ്റംബർ 6 ന് പ്രസിദ്ധീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട് വാർഡ് , തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം, എന്നീ വാർഡുകളിലും വോട്ടർ പട്ടിക പുതുക്കുന്നു.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ എന്നീ വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ 20 ഗ്രാമപഞ്ചായത്ത് വാർഡുകളിലേയും എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഓരോ മുനിസിപ്പാലിറ്റി വാർഡുകളിലെയും വോട്ടർ പട്ടിക പുതുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സെപ്റ്റംബർ 20 വരെ സമർപ്പിക്കാം. സെപ്റ്റംബർ 30 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിലും സെപ്റ്റംബർ 6 ന് പ്രസിദ്ധീകരിക്കും.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് 2021 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് തികഞ്ഞിരിക്കണം.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ- ആലപ്പുഴ ജില്ലാ പഞ്ചായത്ത്-അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്ത്- ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാപഞ്ചായത്ത്- നൻമണ്ട എന്നീ ജില്ലാ പഞ്ചായത്ത് വാർഡുകളിലും തിരുവനന്തപുരം–ചിറയിൻകീഴ്-ഇടക്കോട്, തിരുവനന്തപുരം-പോത്തൻകോട്-പോത്തൻകോട് വാർഡ് , തൃശ്ശൂർ-മതിലകം-അഴീക്കോട്, പാലക്കാട്- കുഴൽമന്ദം–ചുങ്കമന്ദം, എന്നീ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും തിരുവനന്തപുരം-വിതുര–പൊന്നാംചുണ്ട്, കൊല്ലം-ചിതറ-സത്യമംഗലം, കൊല്ലം- തേവലക്കര- നടുവിലക്കര, കോട്ടയം-കാണക്കാരി-കളരിപ്പടി, കോട്ടയം- മാഞ്ഞൂർ-മാഞ്ഞൂർ സെൻട്രൽ , ഇടുക്കി-രാജക്കാട്-കുരിശുംപടി, ഇടുക്കി-ഇടമലക്കുടി-വടക്കേഇടലി പാറക്കുടി, തൃശ്ശൂർ- കടപ്പുറം-ലൈറ്റ് ഹൗസ്, പാലക്കാട്-തരൂർ-തോട്ടുവിള, പാലക്കാട്-എരുത്തേമ്പതി-മൂങ്കിൽമട, പാലക്കാട്-എരുമയൂർ-അരിയക്കോട്, പാലക്കാട്-ഓങ്ങല്ലൂർ-കർക്കിടകച്ചാൽ, മലപ്പുറം-പൂക്കോട്ടൂർ-ചീനിക്കൽ, മലപ്പുറം-കാലടി-ചാലപ്പുറം, മലപ്പുറം-തിരുവാലി-കണ്ടമംഗലം, മലപ്പുറം-ഊർങ്ങാട്ടിരി-വേഴക്കോട്, മലപ്പുറം- മക്കരപ്പറമ്പ്-കാച്ചിനിക്കാട്, കോഴിക്കോട്-കൂടരഞ്ഞി-കുമ്പാറ, കോഴിക്കോട്-ഉണ്ണിക്കുളം-വള്ളിയോത്ത്, കണ്ണൂർ- എരുവേശി-കൊക്കമുള്ള് എന്നീ ഗ്രാമപഞ്ചായത്തു വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ-വെട്ടുകാട്, എറണാകുളം-കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ- ഗാന്ധി നഗർ എന്നീ കോർപ്പറേഷൻ വാർഡുകളിലും എറണാകുളം –പിറവം-ഇടപ്പിള്ളിച്ചിറ, തൃശ്ശൂർ-ഇരിങ്ങാലക്കുട-ചാലാംപാടം, കാസർഗോഡ്-കാഞ്ഞങ്ങാട്-ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.18/2021)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

12th August 2021

## തദ്ദേശ ഉപതിരഞ്ഞെടുപ്പ്
## എൽ.ഡി.എഫ്-7 , യു.ഡി.എഫ് -6 , സ്വതന്ത്രൻ - 2 സീറ്റുകൾ നേടി

സംസ്ഥാനത്തെ 9 ജില്ലകളിലെ 15 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 7 ഉം യു.ഡി.എഫ് 6 ഉം സ്വതന്ത്രൻ 2 ഉം വീതം സീറ്റുകൾ നേടി.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും മലപ്പുറം ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലും തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 3 മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

എൽ.ഡി.എഫ്. വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം എന്ന ക്രമത്തിൽ തിരുവനന്തപുരം-നെടുമങ്ങാട് മുനിസിപ്പാലിറ്റി- പതിനാറാംകല്ല്- വിദ്യാ വിജയൻ - 94, പത്തനംതിട്ട-കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്-പല്ലൂർ- അലക്സാണ്ടർ ഡാനിയേൽ-323, എറണാകുളം - വേങ്ങൂർ ഗ്രാമ പഞ്ചായത്ത്-ചൂരത്തോട്-പീറ്റർ പി.വി(പിന്റു) -19, മലപ്പുറം – തലക്കാട് ഗ്രാമ പഞ്ചായത്ത്- പാറശ്ശേരി വെസ്റ്റ്- സജില (കെ.എം.സജില)-244, കോഴിക്കോട് - വളയം ഗ്രാമ പഞ്ചായത്ത്-കല്ലുനിര-കെ.ടി. ഷബീന -196, വയനാട് – സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി – പഴേരി – എസ്.രാധാകൃഷ്ണൻ -112, കണ്ണൂർ-ആറളം ഗ്രാമ പഞ്ചായത്ത് - വീർപ്പാട് – യു.കെ.സുധാകരൻ -137.

യു.ഡി.എഫ്. വിജയിച്ചവ കോട്ടയം – എലിക്കുളം ഗ്രാമ പഞ്ചായത്ത് – ഇളങ്ങുളം – ജയിംസ് ചാക്കോ ജീരകത്തിൽ - 159, എറണാകുളം – മാറാടി ഗ്രാമ പഞ്ചായത്ത് – നോർത്ത് മാറാടി – രതീഷ് ചങ്ങാലിമറ്റം – 91, എറണാകുളം വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്–കോഴിപ്പിള്ളി സൗത്ത് – ഷജി ബെസ്സി – 232, മലപ്പുറം – ചെറുകാവ് ഗ്രാമ പഞ്ചായത്ത് – ചേവായൂർ - കെ.വി.മുരളീധരൻ - 305, മലപ്പുറം – വണ്ടൂർ ഗ്രാമ പഞ്ചായത്ത് – മുടപ്പിലാശ്ശേരി – യു.അനിൽ കുമാർ -84, മലപ്പുറം - നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് – വഴിക്കടവ് – ബാബു ഏലക്കാടൻ - 429.

ആലപ്പുഴ – മുട്ടാർ ഗ്രാമ പഞ്ചായത്ത് – നാലുതോട് മത്സരിച്ച എൽ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർത്ഥി ആന്റണി (മോനിച്ചൻ)യും സണ്ണി മാമനും 168 വീതം വോട്ടുകൾ നേടി. നറുക്കെടുപ്പിലൂടെ ആന്റണി (മോനിച്ചൻ)യെ വിജയിയായി പ്രഖ്യാപിച്ചു. എറണാകുളം - പിറവം മുനിസിപ്പാലിറ്റി – കാരക്കോട് – സിനി ജോയി യു. ഡി. എഫ് സ്വതന്ത്ര 205 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു.

നോർത്ത് മാറാടി, കോഴിപ്പിള്ളി സൗത്ത്, വഴിക്കടവ് എന്നീ എൽ.ഡി.എഫ് സിറ്റിംഗ് വാർഡുകളിൽ യു.ഡി.എഫ് വിജയിച്ചു. യു.ഡി.എഫ് സിറ്റിംഗ് വാർഡുകളായ പല്ലൂർ,പഴേരി എന്നിവയിൽ എൽ.ഡി.എഫ് വിജയിച്ചു.

*(എസ്.ഇ.സി.17/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**11th August 2021**

## തദ്ദേശ ഉപതെരഞ്ഞെടുപ്പിൽ 79.73 ശതമാനം പോളിംഗ്

സംസ്ഥാനത്തെ 9 ജില്ലകളിലെ പതിനഞ്ച് തദ്ദേശ സ്വയംഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ 79.73 ശതമാനം വോട്ട് രേഖപ്പെടുത്തി.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും മലപ്പുറം ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലും തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 3 മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. വോട്ടെണ്ണൽ ഇന്ന് (12.08.2021) രാവിലെ 10 ന് ആരംഭിക്കും.

ഉപതിരഞ്ഞെടുപ്പ് നടന്ന തദ്ദേശ സ്വയംഭരണ വാർഡുകളിൽ രേഖപ്പെടുത്തിയ പോളിംഗ് ശതമാനം താഴെ പറയുന്ന ക്രമത്തിലാണ്.

പത്തനംതിട്ട-കലഞ്ഞൂർ-പല്ലൂർ (65.19%), ആലപ്പുഴ-മുട്ടാർ-നാലുതോട്(79.72%), കോട്ടയം- എലിക്കുളം-ഇളങ്ങുളം (73.12%), എറണാകുളം ജില്ലയിലെ വേങ്ങൂർ-ചൂരത്തോട് (87.02%), വാരപ്പെട്ടി- കോഴിപ്പിള്ളി സൗത്ത്(84.55%), മാറാടി- നോർത്ത് മാറാടി (79.2%) മലപ്പുറം ജില്ലയിലെ ചെറുകാവ്- ചേവായൂർ (85.46%), വണ്ടൂർ-മുടപ്പിലാശ്ശേരി (90.43%), തലക്കാട്-പാറശ്ശേരി വെസ്റ്റ്(74.21%), കോഴിക്കോട്-വളയം-കല്ലുനിര (80.66%), കണ്ണൂർ-ആറളം-വീർപ്പാട് (92.57%) മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് വഴിക്കടവ്(61.5%), തിരുവനന്തപുരം-നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ പതിനാറാംകല്ല്(82.74%), എറണാകുളം-പിറവം മുൻസിപ്പാലിറ്റിയിലെ കരക്കോട്(78.72.%), വയനാട്-സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിയിലെ പഴേരി (80.92%) .

*(എസ്.ഇ.സി.16/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**10th August 2021**

## തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് ഇന്ന് (11.08.2021)

സംസ്ഥാനത്തെ 9 ജില്ലകളിലെ പതിനഞ്ച് തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്. വോട്ടെടുപ്പ് രാവിലെ 7.00 മണിക്ക് ആരംഭിച്ച് വൈകിട്ട് 6.00 ന് അവസാനിക്കും. വോട്ടെണ്ണൽ വ്യാഴാഴ്ച രാവിലെ 10 ന് തുടങ്ങും. കോവിഡ് പ്രോട്ടോകോൾ പാലിച്ച് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ വേണ്ട സജ്ജീകരണങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും മലപ്പുറം ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലും തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 3 മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ പത്തനംതിട്ട-കലഞ്ഞൂർ-പല്ലൂർ, ആലപ്പുഴ-മുട്ടാർ-നാലുതോട്, കോട്ടയം-എലിക്കുളം-ഇളങ്ങുളം, എറണാകുളം ജില്ലയിലെ വേങ്ങൂർ-ചൂരത്തോട്, വാരപ്പെട്ടി- കോഴിപ്പിള്ളി സൗത്ത്, മാറാടി- നോർത്ത് മാറാടി, മലപ്പുറം ജില്ലയിലെ ചെറുകാവ്- ചേവായൂർ, വണ്ടൂർ-മുടപ്പിലാശ്ശേരി , തലക്കാട്-പാറശ്ശേരി വെസ്റ്റ്, കോഴിക്കോട്-വളയം-കല്ലുനിര, കണ്ണൂർ-ആറളം-വീർപ്പാട് എന്നീ ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് വഴിക്കടവ്, തിരുവനന്തപുരം-നെടുമങ്ങാട്- പതിനാറാംകല്ല്, എറണാകുളം-പിറവം-കരക്കോട്, വയനാട്-സുൽത്താൻ ബത്തേരി-പഴേരി എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.15/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**09th August 2021**

## അസിസ്റ്റന്റ് , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികളിൽ ഒഴിവ് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷിക്കാം

തിരുവനന്തപുരത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികളിൽ നിലവിലുള്ളതും 2021 വർഷത്തിൽ ഉണ്ടാകാനിടയുള്ളതുമായ ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള വിവിധ സർക്കാർ വകുപ്പകളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവർക്ക് വകുപ്പ മുഖേന **04.09.2021 നകം സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ്കമ്മീഷൻ, 'ജനഹിതം', റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033** എന്ന വിലാസത്തിൽ അപേക്ഷിക്കാം

*(എസ്.ഇ.സി.14/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**14th July 2021**

## തദ്ദേശ ഉപതെരഞ്ഞെടുപ്പ് ആഗസ്റ്റ് 11-ന്

സംസ്ഥാനത്തെ 9 ജില്ലകളിലെ പതിനഞ്ച് തദ്ദേശ സ്വയംഭരണ വാർഡുകളിൽ ആഗസ്റ്റ് 11-ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ച് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമ പഞ്ചായത്ത് വാർഡുകൾ മലപ്പുറം ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലും തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 3 മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റചട്ടം ഇന്ന് (14.07.2021) മുതൽ പ്രാബല്യത്തിൽ വന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 16-ന് പുറപ്പെടുവിക്കും. നാമ നിർദ്ദേശ പത്രിക ജൂലൈ 23 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന ജൂലൈ 26 ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 28 ആണ്.

വോട്ടെടുപ്പ് ആഗസ്റ്റ് 11 ന് രാവിലെ 7.00 മണിക്ക് ആരംഭിച്ച് വൈകിട്ട് 6.00 ന് അവസാനിക്കും. വോട്ടെണ്ണൽ ആഗസ്റ്റ് 12 രാവിലെ 10 ന് നടക്കും.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ പത്തനംതിട്ട-കലഞ്ഞൂർ-പല്ലൂർ, ആലപ്പുഴ-മുട്ടാർ-നാലുതോട്, കോട്ടയം-എലിക്കുളം-ഇളങ്ങുളം, എറണാകുളം ജില്ലയിലെ വേങ്ങൂർ-ചൂരത്തോട്, വാരപ്പെട്ടി- കോഴിപ്പിള്ളി സൗത്ത്, മാറാടി- നോർത്ത് മാറാടി, മലപ്പുറം ജില്ലയിലെ ചെറുകാവ്- ചേവായൂർ, വണ്ടൂർ-മുടപ്പിലാശ്ശേരി , തലക്കാട്-പാറശ്ശേരി വെസ്റ്റ്, കോഴിക്കോട്-വളയം-കല്ലുനിര, കണ്ണൂർ-ആറളം-വീർപ്പാട് എന്നീ ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് വഴിക്കടവ്, തിരുവനന്തപുരം-നെടുമങ്ങാട്- പതിനാറാംകല്ല്, എറണാകുളം-പിറവം-കരക്കോട്, വയനാട്-സുൽത്താൻ ബത്തേരി-പഴേരി എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.13/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

12th **July 2021**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതെരഞ്ഞെടുപ്പ് - വോട്ടർ പട്ടിക ഇന്ന് (ജൂലൈ 13) പ്രസിദ്ധീകരിക്കും

സംസ്ഥാനത്തെ പതിനഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിനായി തയ്യാറാക്കിയ അന്തിമ വോട്ടർ പട്ടിക ഇന്ന് (ജൂലൈ 13) പ്രസിദ്ധീകരിക്കുവാൻ സംസ്ഥാന ഇലക്ഷൻ കമ്മീഷണർ എ.ഷാജഹാൻ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

വോട്ടർപട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും അപേക്ഷകളും ജൂലൈ 14, 15 തീയതികളിൽ കൂടി സ്വീകരിക്കുന്നതാണ്. സപ്ലിമെന്ററി പട്ടിക ജൂലൈ 23 ന് പ്രസിദ്ധീകരിക്കും .

കഴിഞ്ഞ മെയ് പതിനൊന്നിനാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ കോവിഡിന്റെ രണ്ടാം വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ പട്ടിക പ്രസിദ്ധീകരണം മാറ്റി വയ്ക്കുകയാണുണ്ടായത്.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ - പത്തനംതിട്ട-കലഞ്ഞൂർ-പല്ലൂർ, ആലപ്പുഴ-മുട്ടാർ-നാലുതോട്, കോട്ടയം-എലിക്കുളം-ഇളങ്ങുളം, എറണാകുളം ജില്ലയിലെ വേങ്ങൂർ-ചൂരത്തോട്, വാരപ്പെട്ടി-കോഴിപ്പിള്ളി സൗത്ത്, മാറാടി- നോർത്ത് മാറാടി, മലപ്പുറം ജില്ലയിലെ ചെറുകാവ്-ചേവായൂർ, വണ്ടൂർ-മുടപ്പിലാശ്ശേരി , തലക്കാട്-പാറശ്ശേരി വെസ്റ്റ്, കോഴിക്കോട്-വളയം-കല്ലുനിര, കണ്ണൂർ-ആറളം-വീർപ്പാട് എന്നീ ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് വഴിക്കടവ്, തിരുവനന്തപുരം-നെടുമങ്ങാട്- പതിനാറാംകല്ല്, എറണാകുളം-പിറവം-കരക്കോട്, വയനാട്-സുൽത്താൻ ബത്തേരി-പഴേരി എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

.

*(എസ്.ഇ.സി.12/2021)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **26th June 2021** |


## ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ജൂലൈ 6 മുതൽ

സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപനം രൂക്ഷമായിരുന്ന സാഹചര്യത്തിൽ മാറ്റിവെക്കപ്പെട്ട ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ജൂലൈ 6,7,8 തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

6ന് ജില്ലാപഞ്ചായത്ത്, 7ന് മുൻസിപ്പാലിറ്റി, 8ന് കോർപ്പറേഷൻ എന്നീ ക്രമത്തിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തും. ജില്ലാ കളക്ടറാണ് വരണാധികാരി.

ആസൂത്രണ സമിതി ചെയർമാൻ ജില്ലാപഞ്ചായത്ത് പ്രസിഡൻറും സെക്രട്ടറി ജില്ലാ കളക്ടറുമാണ്. ഒരംഗത്തെ സർക്കാർ നോമിനേറ്റ് ചെയ്യും മറ്റു 12 അംഗങ്ങളെ ജില്ലാ പഞ്ചായത്ത് അംഗങ്ങളും മുൻസിപ്പാലിറ്റി കോർപ്പറേഷൻ കൗൺസിലർമാരുമാണ് തിരഞ്ഞെടുക്കുന്നത്.

ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനായി കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനും ചുമതലയുള്ള ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ രൂപീകരണം അടിയന്തരമായി നടത്തേണ്ട സാഹചര്യം നിലവിലുണ്ട്. മെയ് 17 ,18 ,19 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന തിരഞ്ഞെടുപ്പ് കോവിഡ് വ്യാപനത്തെ തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു.

കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് തിരഞ്ഞെടുപ്പ് നടത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വരണാധികരികൾക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി.11/2021)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **05th May 2021** |

**ജില്ലാ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പുകൾ മാറ്റിവച്ചു.**

തിരുവനന്തപുരം : കോവിഡ് 19 മഹാമാരിയുടെ വ്യാപനം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ മേയ് 17,18,19 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ജില്ലാ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പു നട പടികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ താത്ക്കാലികമായി നിർത്തിവച്ചിരിക്കുന്നതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

നിലവിലെ സാഹചര്യത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യോഗം ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിനെ തുടർന്നാണ് നടപടികൾ നിർത്തിവച്ചത്.

*(എസ്.ഇ.സി.10/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**20th April 2021**

## ജില്ലാ ആസൂത്രണ സമിതിയംഗങ്ങളുടെ തിരഞ്ഞെടുപ്പ് മേയ് 17 മുതൽ

ജില്ലാ ആസൂത്രണ സമിതിയംഗങ്ങളുടെ തിരഞ്ഞെടുപ്പ് മേയ് 17, 18, 19 തീയതികളിൽ നടത്തും. ആസൂത്രണ സമിതി ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറി ജില്ലാ കളക്ടറുമാണ്. ഒരംഗത്തെ സർക്കാർ നോമിനേറ്റ് ചെയ്യും മറ്റ് 12 അംഗങ്ങളെ ജില്ലാ പഞ്ചായത്ത് അംഗങ്ങളും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ കൗൺസിലർമാരുമാണ് തിരഞ്ഞെടുക്കുന്നത്. 17-ന് ജില്ലാ പഞ്ചായത്ത് 18-ന് മുനിസിപ്പാലിറ്റി 19-ന് കോർപ്പറേഷൻ എന്നീ ക്രമത്തിൽ അംഗങ്ങളെ തിരഞ്ഞെടുക്കും. ജില്ലാ കളക്ടറാണ് വരണാധികാരി.

ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനുമാണ് ആസൂത്രണ സമിതി രൂപീകരിക്കുന്നത്.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതിനെക്കുറിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ജില്ലാ കളക്ടർമാരുമായി ഓൺലൈനായി ചർച്ച നടത്തി. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച മുഴുവൻ സ്ഥാനാർത്ഥികളുടേയും ചെലവു കണക്കുകൾ പരിശോധിച്ച് സമയബന്ധിതമായി സമർപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു.

ജൂണിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുകയാണ്. പിഴവുകളില്ലാത്ത വോട്ടർപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളും യോഗം ചർച്ച ചെയ്തു.

*(എസ്.ഇ.സി.9/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**18th April 2021**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ലളിതവും സുതാര്യവുമാക്കുന്നതിനുള്ള അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾ ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ക്ഷണിക്കുന്നു.

പൊതു തിരഞ്ഞെടുപ്പ് ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇ-മെയിലിലൂടെയോ തപാലിലൂടെയോ കമ്മീഷനെ അറിയിക്കാവുന്നതാണ്.

ഇ-മെയിൽ വിലാസം - "*janahitham2021@gmail.com*"

തപാൽ വിലാസം - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
"ജനഹിതം"
റ്റി.സി.27/6(2),
വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം - 695 033

*(എസ്.ഇ.സി.8/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**13th April 2021**

## ഒൻപത് ജില്ലകളിലെ 15 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

സംസ്ഥാനത്തെ ഒൻപത് ജില്ലകളിലെ 15 തദ്ദേശ വാർഡുകളിൽ അംഗങ്ങളുടെ ആകസ്മിക ഒഴിവ് ഉപതിരഞ്ഞെടുപ്പിലൂടെ നികത്തുന്നതിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പതിനൊന്ന് ഗ്രാമ പഞ്ചായത്തിലെയും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, എറണാകുളം ജില്ലയിലെ പിറവം, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി എന്നീ മുനിസിപ്പാലിറ്റികളിലെയും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെയും ഉപതിരഞ്ഞെടുപ്പ് നടത്തുന്ന വാർഡുകളിലെ വോട്ടർപട്ടികയാണ് പുതുക്കുന്നത്. കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്, നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിൽ ഏപ്രിൽ 15 ന് പ്രസിദ്ധീകരിക്കും. പഞ്ചായത്തുകളുടെ പട്ടിക ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിക്കും. നിലവിലെ വോട്ടർപട്ടിക www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകളും ആക്ഷേപങ്ങളും ഏപ്രിൽ 29 വരെ സമർപ്പിക്കാം. അവകാശവാദങ്ങളിന്മേൽ മെയ് 10 ന് തീർപ്പ് കൽപ്പിക്കുകയും മെയ് 11 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യത തീയതിയായ 2021 ജനുവരി ഒന്നിനോ അതിനു മുമ്പോ അപേക്ഷകർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം.

വോട്ടർ പട്ടിക പുതുക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ പത്തനംതിട്ട-കലഞ്ഞൂർ-പല്ലൂർ 20, ആലപ്പുഴ-മുട്ടാർ-നാലുതോട് 58, കോട്ടയം-എലിക്കുളം-ഇളങ്ങുളം 14, എറണാകുളം ജില്ലയിലെ വേങ്ങൂർ-ചൂരത്തോട് 11, വാരപ്പെട്ടി-കോഴിപ്പിള്ളി സൗത്ത് 13, മാറാടി-നോർത്ത് മാറാടി 06, മലപ്പുറം ജില്ലയിലെ ചെറുകാവ്-ചേവായൂർ 10, വണ്ടൂർ-മുടപ്പിലാശ്ശേരി 09, തലക്കാട്-പാറശ്ശേരി വെസ്റ്റ് 15, കോഴിക്കോട്-വളയം-കല്ലുനിര 03, കണ്ണൂർ-ആറളം-വീർപ്പാട് 10 എന്നീ ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് 06 വഴിക്കടവ്, തിരുവനന്തപുരം-നെടുമങ്ങാട്- പതിനാറാംകല്ല് 17, എറണാകുളം-പിറവം-കരക്കോട് 05, വയനാട്-സുൽത്താൻ ബത്തേരി-പഴശ്ശേരി 07 എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

*(എസ്.ഇ.സി.7/2021)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

09th April 2021

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്റ്റാന്റിംഗ് കൗൺസലിനെയും പ്രൈവറ്റ് സെക്രട്ടറിയെയും നീയമിച്ചു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഹൈക്കോടതിയിലെ സ്റ്റാന്റിംഗ് കൗൺസലായി അഡ്വക്കേറ്റ് ദീപു ലാൽ മോഹനെയും കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറിയായി പൊതുഭരണ വകുപ്പിലെ മുൻ സ്പെഷ്യൽ സെക്രട്ടറി കെ.വി.മുരളീധരനെയും നീയമിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ഉത്തരവായി .

ഫോട്ടോയുടെ അടിക്കുറിപ്പ് :

1. അഡ്വക്കേറ്റ് ദീപു ലാൽ മോഹൻ
2. കെ.വി.മുരളീധരൻ

*(എസ്.ഇ.സി.6/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**31st March 2021**

## എ.ഷാജഹാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റു

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി എ.ഷാജഹാൻ ചുമതലയേറ്റു. 2026 മാർച്ച് 30 വരെയാണ് കാലാവധി.

ചുമതലയേറ്റ ശേഷം അദ്ദേഹം രാജ്ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സന്ദർശിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച തിരഞ്ഞെടുപ്പ് സംബന്ധമായി ഹൈക്കോടതിയുടെയും, സുപ്രീം കോടതിയുടെയും സുപ്രധാന വിധികളുടെ സമാഹാരം ഗവർണർക്ക് സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തു.

സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച ശേഷമാണ് എ.ഷാജഹാൻ കമ്മീഷണറായി ചുമതലയേറ്റത്. പൊതു വിദ്യാഭ്യാസം കായിക യുവജനക്ഷേമം, ന്യൂനപക്ഷ ക്ഷേമം, സാമൂഹിക നീതി, തദ്ദേശ ഭരണം തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിയായും ഗ്രാമവികസന കമ്മീഷണർ പഞ്ചായത്ത്- നഗരകാര്യ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടറുമായിരുന്നു.

ജേർണലിസത്തിലും മാനേജ്മെന്റിലും ബിരുദാനന്തര ബിരുദധാരിയായ അദ്ദേഹം തിരുവനന്തപുരം സ്വദേശിയാണ്. ഭാര്യ: എ.നജ്മ, മക്കൾ: എസ്.അനീസ്, ഡോ.സിബ, മരുമക്കൾ: ഡോ.ഹംദി നിസാർ, ഡോ.ആൽഫ.

ഫോട്ടോയുടെ അടിക്കുറിപ്പ് :

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി എ.ഷാജഹാൻ ചുമതലയേൽക്കുന്നു.
3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സന്ദർശിക്കുന്നു.
4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച തിരഞ്ഞെടുപ്പ് സംബന്ധമായി ഹൈക്കോടതിയുടെയും, സുപ്രീം കോടതിയുടെയും സുപ്രധാന വിധികളുടെ സമാഹാരം സമർപ്പിക്കുന്നു

*(എസ്.ഇ.സി.5/2021)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd January 2021

## തദ്ദേശ ഭരണ പ്രത്യേക തിരഞ്ഞെടുപ്പ് ഫലം

പൊതു തിരഞ്ഞെടുപ്പിനിടയിൽ സ്ഥാനാർത്ഥികൾ മരണപ്പെട്ടതിനെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച സംസ്ഥാനത്തെ ഏഴ് തദ്ദേശ വാർഡുകളിൽ നടന്ന തിരഞ്ഞെടുപ്പിൽ നാല് വാർഡുകളിൽ യ.ുഡി.എഫും രണ്ടു വാർഡുകളിൽ എൽ.ഡി.എഫും ഒരു വാർഡിൽ സ്വതന്ത്ര സ്ഥാനാർത്ഥിയും വിജയിച്ചു.

കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക്, ചോല വാർഡുകളിലെ യു.ഡി.എഫ് സ്ഥാനാർഥികളായ എ.എം. നൗഫൽ 1014 വോട്ടുകൾക്കും അനിൽകുമാർ 745 വോട്ടുകൾക്കും വിജയിച്ചു. ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാർഡിൽ എൽ.ഡി.എഫിന്റെ രോഹിത്.എം.പിള്ള 664 വോട്ടുകൾക്കും എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ വാർഡിലെ സ്വതന്ത്ര സ്ഥാനാർഥി റഫീഖ് മരക്കാർ 308 വോട്ടുകൾക്കും തൃശ്ശൂർ കോർപ്പറേഷനിലെ യു.ഡി.എഫിന്റെ കെ.രാമനാഥൻ 2042 വോട്ടുകൾക്കും കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്ത് താത്തുർപൊയ്യിൽ യു.ഡി.എഫിന്റെ വാസന്തി വിജയൻ 532 വോട്ടുകൾക്കും കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി വാർഡിൽ എൽ.ഡി.എഫ് സ്ഥാനാർഥി അഡ്വ .ബിനോയ് കുര്യൻ 18687 വോട്ടുകൾക്കും വിജയിച്ചു.

*(എസ്.ഇ.സി.4/2021)*

## 'ജനഹിതത്തിൽ' സ്മൃതി മരം നട്ടു

കവയിത്രി സുഗതകുമാരിയുടെ 87-ാം ജന്മദിനത്തോടനുബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാന മന്ദിരമായ ജനഹിതത്തിന്റെ അങ്കണത്തിൽ കമ്മീഷണർ വി.ഭാസ്കരൻ കണിക്കൊന്നതൈ നട്ടു.

ചടങ്ങിൽ മാധ്യമ പ്രവർത്തക ശ്രീദേവി പിള്ള, കെ.സി.എച്ച്, ആർ.പബ്ലിക്കേഷൻ ഓഫീസർ എസ്.എൻ.സന്ധ്യ, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി എ.സന്തോഷ്, കമ്മീഷണറുടെ പി.എസ്. ഫ്രാൻസിസ് ഡിക്രൂസ് കമ്മീഷനിലെ മറ്റു ജീവനക്കാരും പങ്കെടുത്തു.

*(എസ്.ഇ.സി.3/2021)*

## തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും തൽസ്ഥാനങ്ങൾ സ്വമേധയാ ഒഴിഞ്ഞതായി തിരഞ്ഞെടുപ്പ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു.

ആലപ്പുഴ ജില്ലയിലെ ജി.44 തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായും വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി.ബിന്ദു കുരുവിളയും ശ്രീമതി.ബീന ബിജുവും യാതൊരു കാരണവുമില്ലാതെ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുക്കാത്തതിനാൽ പ്രസ്തുത സ്ഥാനങ്ങൾ സ്വമേധയാ ഒഴിഞ്ഞതായി, കേരള പഞ്ചായത്ത് രാജ് ആക്ട് 153(13എ)-ാം വകുപ്പു പ്രകാരം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.2/2021)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**21st January 2021**

## തദ്ദേശ സ്വയംഭരണ വാർഡുകളിലെ പ്രത്യേക തിരഞ്ഞെടുപ്പ് 78.24 % ശതമാനം പോളിംഗ്

സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റി വച്ച സംസ്ഥാനത്തെ ഏഴ് തദ്ദേശ സ്വയംഭരണ വാർഡുകളിൽ നടന്ന പ്രത്യേക തിരഞ്ഞെടുപ്പിൽ 78.24 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക് (85.38), ചോല (79.18), ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാർഡ് (76.3), എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുൻസിപ്പൽ വാർഡ് (74.51), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി വാർഡ് (81.82), കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപൊയ്യിൽ (86.1 ), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി (64.45) എന്നിങ്ങനെയാണ് പോളിംഗ് ശതമാനം.

വോട്ടെണ്ണൽ ഇന്ന് (ജനുവരി 22) രാവിലെ ഏട്ടിന് ആരംഭിക്കും.

*(എസ്.ഇ.സി.1/2021)*